**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ1759 5.12.2014-ൽ മറുപടിയ്ക്ക്**

## വെറ്ററിനറി സർവ്വകലാശാലയിലെ കോഴ്സിന് എൻ.ആർ.ഐ ക്വാട്ട

**ചോദ്യം**

ഡോ.കെ.ടി.ജലീൽ

എ) കേരള വെറ്ററിനറി സർവ്വകലാശാലയിൽ ഏതെങ്കിലും കോഴ്സിന് എൻ.ആർ.ഐ സീറ്റിൽ പ്രവേശനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനകം ഏതെല്ലാം കോഴ്സുകൾക്ക് എത്ര സീറ്റുകളിൽ എൻ.ആർ.ഐ ക്വാട്ടയിൽ പ്രവേശനം നടത്തിയിട്ടുണ്ടായിരുന്നു ; വിശദമാക്കാമോ;

ബി) എൻ.ആർ.ഐ സീറ്റ് ഏർപ്പെടുത്തുകയില്ലെന്ന നിലപാട് വെറ്ററിനറി സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ടായിരുന്നുവോ; ഗവൺമെന്റിൽ നിന്നും സർവ്വകലാശാലയ്ക്ക് ഇത് സംബന്ധമായ എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ;

സി) പ്രസ്തുത പ്രശ്നത്തിൽ ബഹു. മുഖ്യമന്ത്രി നിയമസഭയ്ക്ക് നൽകിയ ഉറപ്പിന് വിരുദ്ധമായി സർവ്വകലാശാല തീരുമാനവുമായി മുന്നോട്ട് പോയിട്ടുള്ളതായി അറിയുമോ?

**ഉത്തരം**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) ഉണ്ട്. ഡബ്ളിയു.പി(സി)നമ്പർ 19041/2014 കേസിലെ 17.10.2014 തീയതിയിലെ ഇടക്കാല വിധി പ്രകാരം ബി .വി.സി ആന്റ് എ.എച്ച് കോഴ്സിന് 5 സീറ്റിൽ അഡ്മിഷൻ നടത്തിയിട്ടുണ്ട്.

ബി) സർവ്വകലാശാല എൻ.ആർ.ഐ ക്വാട്ട ഏർപ്പെടുത്തിയിരുന്നു എന്നാൽ 30.8.2014 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 185/2014/എ.ഡി പ്രകാരം എൻ . ആർ.ഐ ക്വാട്ട ഏർപ്പെടുത്തിയ യൂണിവേഴ്സിറ്റി തീരുമാനം റദ്ദാക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സി) ഇല്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 17.10.2014 തീയതിയിലെ ഇടക്കാല ഉത്തരവ് പ്രകാരം എൻ.ആർ.ഐ അഡ്മിഷൻ നടത്തുകയുണ്ടായി എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

Seela

സെക്ഷൻ ഓഫീസർ